പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2445 — 05.02. 2018 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡ് ജീവനക്കാർ

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചതിനേക്കാൾ ഏതാണ്ട് പതിനായിരത്തോളം അധിക ജീവനക്കാർ വൈദ്യുതി ബോർഡിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടോ; | (എ) ഇല്ല. ജീവനക്കാരുടെ എണ്ണം നിഷ്കർഷിക്കുന്ന പ്രത്യേക ഉത്തരവുകൾ ഒന്നും ഇതുവരെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 2009-10 മുതൽ വാർഷിക വരവ് – ചെലവ് കണക്കുകൾ ശരിപ്പെടുത്തുന്ന (ട്രൂയിംഗ് അപ്) സമയത്ത് 2008-09-ൽ ഉണ്ടായിരുന്ന 27,175 ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മാത്രമാണ് പ്രതിവർഷം അനുവദിച്ചു തരുന്നത്. ഈ ഇനത്തിലുള്ള യഥാർത്ഥ ചെലവും അനുവദിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്.<br><br>നിലവിൽ കെ.എസ്.ഇ.ബി.എല്ലി-ൽ ഓഫീസറന്മാരും, തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെ 33,564-പേർ പ്രവൃത്തിയെടുക്കുന്നു. |
| (ബി) ഇവരെ പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡ് എന്തെങ്കിലും പഠനം ഏതെങ്കിലും ഏജൻസിയെക്കൊണ്ട് നടത്തുകയുണ്ടായോ;<br><br>(സി) എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി& സി) അധിക ജീവനക്കാരെ പുനർ വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പഠനവും നടത്തിയിട്ടില്ല. |
| (ഡി) അസിസ്റ്റന്റ് തസ്തികയിൽ ഏതാനും പേർക്ക് നിയമനശുപാർശ നൽകുന്ന | (ഡി) ഉണ്ട്. |

| | |
|---|---|
| തുമായും മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമായും ബന്ധപ്പെട്ട രണ്ടു കോടതി വിധികൾ നിലവിലുണ്ടോ;<br>(ഇ) എങ്കിൽ പ്രസ്തുത കോടതി വിധികളുടെ അടിസ്ഥാനത്തിൽ ബോർഡ് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ഇ) കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ടി പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) Nos,38794/2015, 32887/2016.& 25052/2017 എന്നീ കേസുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25.08.2017-ലെ ഇടക്കാല ഉത്തരവനുസരിച്ച് ജൂനിയർ അസിസ്റ്റന്റ്മാരുടെ 60 ഒഴിവുകൾ 14.09.2017-നും WP(C) Nos,38794/2015,32887/2016, 25052/2017, 23320/2017 എന്നീ കേസുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 15.09.2017-ലെ ഇടക്കാല ഉത്തരവ് അനുസരിച്ച് 520 ഒഴിവുകൾ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി പ്രൊവിഷണലായും 19.09.2017-ന് കേരള പബ്ലിക്ക് സർവീസ് കമ്മീഷനിലേയ്ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ആയതിൽ നിന്നും 60 ഉദ്യോഗർത്ഥികളുടെ നിയമന ശിപാർശ കെ.പി.എസ്.സി.-യിൽ നിന്നും അയച്ചു തന്നതിനെ തുടർന്ന് ടി ഉദ്യോഗാർത്ഥികളെ കെ.എസ്.ഇ.ബി.എൽ-ൽ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br>ബഹുമാനപ്പെട്ട ഹൈക്കോടതി റിട്ട് നം.30039/2016 പരിഗണിച്ചുകൊണ്ട് 04.01.2018-നു പുറപ്പെടുവിച്ച വിധിന്യായപ്രകാരം മീറ്റർ റീഡർമാരുടെ 799 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു നിർദ്ദേശം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവിനെതിരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് റിട്ട് അപ്പീൽ നം.173/2018, 188/2018 എന്നീ നമ്പരുകൾ പ്രകാരം ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും തുടർന്ന് 18.01.2018-ന് പ്രസ്തുത ഉത്തരവിന്മേൽ സ്റ്റേ ഓർഡർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ